<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20**</u> <u>**10-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**സർക്കാർ തൊഴിൽ മേഖലയിലെ അനാകർഷണത**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷക്കാലമായി വന്നിട്ടുള്ള സാമ്പത്തിക പ്രതിസന്ധി കാരണം ചെറുപ്പക്കാർ സർക്കാർ തൊഴിൽ മേഖല അവഗണിച്ച് സ്വകാര്യ മേഖലയിലും വിദേശ രാജ്യങ്ങളിലും തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | സാമ്പത്തിക ഞെരുക്കം കാരണം മൂന്ന് വർഷക്കാലമായി ശമ്പള വർധനവോ മറ്റ് അനുബന്ധ ആനുകൂല്യങ്ങളോ ലഭിക്കാത്തതിനാൽ ജീവനക്കാർ തന്നെ സർക്കാർ മേഖലയിലെ തൊഴിൽ സാധ്യതകളിൽ നിന്നും തങ്ങളുടെ പിൻതലമുറക്കാരെയടക്കം പിന്തിരിപ്പിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | രാജ്യത്തെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും സാമ്പത്തിക നേട്ടം കൈവരിക്കുകയും അവിടങ്ങളിലെ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മാന്യമായ സേവന വേതന വ്യവസ്ഥകൾ നൽകുമ്പോഴും നമ്മുടെ സംസ്ഥാനം ഇക്കാര്യത്തിൽ പിൻപന്തിയിൽ ആണെന്ന ആരോപണം ശരിയാണോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | സർക്കാർ മേഖലയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അർഹമായ ശമ്പളവും, ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ഇത്തരം ആരോപണങ്ങളിൽ വസ്തുതയില്ല. |
| (ഡി) | പ്രസ്തുത അവസ്ഥ നമ്മുടെ സമൂഹത്തിലാകെ പ്രചരിച്ചത് കാരണം സർക്കാർ മേഖലയിൽ നിന്നും മിടുക്കന്മാരായ ചെറുപ്പക്കാർ അകലുന്നുവെന്ന ആരോപണത്തോട് യോജിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സർക്കാർ മേഖലയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അർഹമായ ശമ്പളവും, ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ഇത്തരം ആരോപണങ്ങളിൽ വസ്തുതയില്ല. |

സെക്ഷൻ ഓഫീസർ